**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 77** **23-01-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസ് സേനയിൽ എത്ര പേർക്ക് നിയമനം നൽകിയെന്നും എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാന പോലീസ് സേനയിൽ 8805 പേർക്ക് നിയമനം നൽകിയിട്ടുണ്ട് വിശദ വിവരം ചുവടെ ചേർക്കുന്നു. |

| തസ്തിക | നിയമനം നൽകിയതിന്റെ എണ്ണം |
|---|---|
| പോലീസ് കോൺ സ്റ്റബിൾ | 6206 |
| വനിതാ പോലീസ് കോൺസ്റ്റബിൾ | 1052 |
| ഡ്രൈവർ പോലീസ് കോൺസ്റ്റബിൾ | 812 |
| ആംഡ് പോലീസ് സബ്ബ് ഇൻസ്പെക്ടർ | 54 |
| അസിസ്റ്റന്റ് ആംഡ് പോലീസ് സബ്ബ് ഇൻസ്പെക്ടർ | 3 |
| പോലീസ് സബ്ബ് ഇൻസ്പെക്ടർ (GE) | 525 |
| അസിസ്റ്റന്റ് പോലീസ് സബ്ബ് ഇൻസ്പെക്ടർ (GE) | 15 |
| സ്പോർട്സ് ഹവിൽദാർ(ബറ്റാലിയൻ) | 36 |
| മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ | 4 |
| ടെലി കമ്മ്യൂണിക്കേഷൻ ഇൻസ്പെക്ടർ | 1 |
| പോലീസ് കോൺസ്റ്റബിൾ(ടെലി) | 97 |

നിലവിലെ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ 1158 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് (പുതിയതായി സൃഷ്ടിച്ച തസ്തികകൾ, പുനർ വിന്യാസം, അപ്ഗ്രഡേഷൻ, നിലവിലുണ്ടായിരുന്ന

| | | | |
|---|---|---|---|
| | | | തസ്തികകൾ നിർത്തലാക്കി പുതിയതായി സൃഷ്ടിച്ചത് എന്നിവ ഉൾപ്പെടെ). ഇതിൽ പുതിയതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം 509 ആണ്. |
| (ബി) | പ്രസ്തുത കാലയളവിൽ ക്രമസമാധാന പാലനം, കുറ്റാന്വേഷണം എന്നിവയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഈ കാലയളവിൽ പോലീസ് സേനയിലെ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഈ സർക്കാർ കാലയളവിൽ പോലീസ് സേനയിൽ 3619 പോലീസ് ഉദ്യോഗസ്ഥർ അച്ചടക്ക നടപടി നേരിട്ടിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | തസ്തിക | അച്ചടക്കനടപടി നേരിട്ടവരുടെ എണ്ണം |
|---|---|---|
| 1 | DYSP | 10 |
| 2 | IOP | 308 |
| 3 | WIOP | 1 |
| 4 | DETECTIVE IOP | 10 |
| 5 | API | 2 |
| 6 | SI | 327 |
| 7 | WSI | 5 |
| 8 | SI (TELE) | 1 |
| 9 | APSI | 16 |
| 10 | GSI | 333 |
| 11 | RSI | 17 |
| 12 | ASI | 53 |
| 13 | GASI | 250 |
| 14 | RASI | 13 |
| 15 | APASI | 4 |
| 16 | Gr.SCPO | 118 |
| 17 | Gr. WSCPO | 1 |
| 18 | SCPO | 362 |
| 19 | WSCPO | 11 |
| 20 | HC (TELE) | 9 |
| 21 | HAVILDAR. | 90 |
| 22 | COMMANDO | 32 |
| 23 | CPO | 1479 |

| | | |
|---|---|---|
| 24 | WCPO | 25 |
| 25 | RTPC | 7 |
| 26 | DVR GSI | 2 |
| 27 | DVR GASI | 6 |
| 28 | DVR SCPO | 46 |
| 29 | DVR HDR | 4 |
| 30 | DVR CPO | 77 |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നതിനോടൊപ്പം സുരക്ഷയോടും സമാധാനത്തോടും ജീവിക്കാൻ കഴിയുന്ന സംസ്ഥാനമായി കേരളത്തെ പരിവർത്തിപ്പിച്ചു എന്നതാണ് സർക്കാരിന്റെ സുപ്രധാന നേട്ടം.

സുസ്ഥിരവികസനം എന്ന ലക്ഷ്യം നേടുന്നതിന് ഏറ്റവും അവശ്യ ഘടകമായ സമാധാനാപൂർണ്ണമായ അന്തരീക്ഷം ഇന്ന് കേരളത്തിലുണ്ട്. കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവർക്കെതിരെ മുഖം നോക്കാതെ നടപടിയെടുത്തും, പഴുതടച്ച കേസന്വേഷണ പ്രക്രിയയും പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുക വഴിയും, ഒരിക്കലും തെളിയില്ലെന്നു കരുതിയ കേസുകൾ തെളിയിക്കാനായതും, ഒരിക്കലും പിടിക്കപ്പെടില്ലെന്നു കരുതിയ പ്രതികൾ കൽത്തുറുങ്കിലായതും ഇക്കാലത്താണ്. ജനങ്ങളെ വർഗ്ഗീയമായി ചേരിതിരിക്കാനുള്ള ശ്രമങ്ങളുണ്ടായ അവസരത്തിലൊക്കെ പോലീസിന്റെ കാര്യക്ഷമമായ ഇടപെടലാണ് ഉണ്ടായത്.

ആർക്കും ഏത് സമയവും ആശ്രയിക്കാവുന്ന, പ്രശ്നപരിഹാരത്തിനായി നിർഭയമായി കടന്നുചെല്ലാവുന്ന ഇടമായി കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ മാറി. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളും സ്ത്രീസൗഹൃദവും ശിശുസൗഹൃദവുമായി മാറി.

ആഭ്യന്തര വകുപ്പിൽ സർക്കാർ നടപ്പാക്കിയ ഭാവനാപൂർണ്ണമായ നടപടികളുടെ ഫലമായിട്ടാണ് ഇത് സംഭവിച്ചത്. പോലീസിനെക്കുറിച്ച് മുമ്പുണ്ടായിരുന്ന ധാരണയല്ല ഇന്ന് നമ്മുടെ സമൂഹത്തിലുള്ളത്. പ്രളയകാലത്തും കോവിഡ് മഹാമാരിക്കാലത്തും പോലീസ് നടത്തിയ ഇടപെടൽ പോലീ

സിനെക്കുറിച്ചുള്ള പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടിൽ വളരെയധികം മാറ്റം കൊണ്ടുവരാനിടയാക്കി.

**സ്ത്രീസുരക്ഷ**

വീട്ടിനുള്ളിലും പൊതുഇടങ്ങളിലും സ്ത്രീയ്ക്ക് സംരക്ഷണത്തിനുതകും വിധം നിരവധി പദ്ധതികളാണ് പോലീസ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. അപരാജിത, നിഴൽ, വനിതകൾക്കായുള്ള സ്വയംപ്രതിരോധ പരിശീലനങ്ങൾ, വനിതാ സെല്ലുകൾ എന്നിവ ഇവയിൽ പ്രധാനപ്പെട്ട ചിലതാണ്. വനിതാ പോലീസ് സ്റ്റേഷനുകൾക്ക് സാധാരണ പോലീസ് സ്റ്റേഷനുകളുടെ എല്ലാ അധികാരങ്ങളും നൽകിയിട്ടുമുണ്ട്. പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് നടപ്പിലാക്കിവരുന്നു. പോലീസിന്റെ പിങ്ക് പട്രോൾ, ജനമൈത്രി ബീറ്റ്, പിങ്ക് ഷാഡോ, പിങ്ക് റോമിയോ എന്നിവയ്ക്ക് പുറമേ മാനസികമായ പിന്തുണ ഉറപ്പാക്കുന്ന പ്രത്യേക കൗൺസിലിംഗ് സംവിധാനങ്ങൾ പ്രവർത്തിക്കുന്നു.

ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ അതീവ ജാഗ്രതയോടെ കൈകാര്യം ചെയ്യുകയും പരാതികളിൽ ഇരയുടെ ഭാഗത്തുനിന്നുകൊണ്ട് നടപടി സ്വീകരിക്കുകയും ചെയ്യുന്ന സമീപനമാണ് പോലീസിനുള്ളത്. പരാതിക്കാർക്ക് പോലീസ് സ്റ്റേഷനിൽ എത്താതെ തന്നെ പരാതികൾ അറിയിക്കുവാൻ സഹായിക്കുന്ന സംവിധാനം നിലവിൽ വന്നു.

സൈബർ ലോകത്തെ ചതിക്കുഴികളിൽ നിന്ന് സ്ത്രീകൾക്ക് സംരക്ഷണം നൽകുന്നതിനോടൊപ്പം അപകടങ്ങൾ തിരിച്ചറിയുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും, മൊബൈൽ ആപ്പുകളും പ്രവർത്തിക്കുന്നു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദ

മായി കൈകാര്യം ചെയ്യുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനവും നൽകിവരുന്നുണ്ട്.

## സൈബർ കുറ്റകൃത്യങ്ങൾ

അന്വേഷണ സംവിധാനങ്ങളെ പോലും വെല്ലുവിളിക്കത്തക്ക നിലയിലാണ് ലോകത്തെമ്പാടും സൈബർ കുറ്റകൃത്യങ്ങൾ സംഭവിക്കുന്നത്. സാങ്കേതിക വിദ്യ അനുദിനം മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വിവര സാങ്കേതിക വിദ്യയുടെ വ്യാപനം കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിലും മാറ്റം വരുത്തിയിട്ടുണ്ട്. ലോകത്തിന്റെ ഏത് കോണിലിരുന്നും ഇത് ചെയ്യാനാകും എന്നതാണ് ഇതിന്റെ പ്രത്യേകത. കുട്ടികൾ മുതൽ വയോജനങ്ങൾ വരെ പല നിലകളിൽപ്പെട്ടവർ ഇതിന്റെ ഇരകളായി തീരുന്നുണ്ട്. ഡാർക്ക് വെബിലൂടെ നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾ വർധിച്ച സാഹചര്യത്തിലാണ് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ അതിവേഗം കണ്ടെത്തുന്നതിനുമായി പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു സൈബർ പോലീസ് ഡിവിഷൻ ആരംഭിച്ചത്.

ഇതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എറണാകുളത്തും കോഴിക്കോടും ഓരോ സൈബർഡോം വീതം ആരംഭിച്ചിട്ടുണ്ട്.

ഇത് മുൻനിർത്തി പരമാവധി താഴെത്തലം മുതൽ മുകൾതട്ട് വരെയുള്ള ഉദ്യോഗസ്ഥർക്ക് സൈബർ കേസുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകുക എന്നത് പ്രധാനമാണ്. അത്തരം പരിശീലനം നേടിയ നിരവധി പേർ ഇന്ന് സേനയുടെ ഭാഗമായി ഉണ്ട്.

## 1930 – സൈബർ ക്രൈം ഹെൽപ്പ്ലൈൻ

ഓൺലൈനിലൂടെയുള്ള സാമ്പത്തിക തട്ടിപ്പുകൾ കേരളത്തിലും വ്യാപകമാണെന്ന് തിരിച്ചറിഞ്ഞതോടെയാണ് അതിനെ ചെറുക്കാൻ **1930 എന്ന സൈബർ ക്രൈം ഹെൽപ്പ്ലൈൻ** പോലീസ് ആരംഭിച്ചത്. നിരവധി പേർക്ക് ഇത് ആശ്വാസം പകർന്നിട്ടുണ്ട്.

**ലഹരിവിരുദ്ധ കാംപെയ്ൻ**

ലഹരി എന്ന മഹാവിപത്തിനെ നമ്മുടെ സമൂഹത്തിൽ നിന്നും തുടച്ചെറിയുന്നതിനായി കാര്യക്ഷമമായ ഇടപെടലാണ് പോലീസ് നടത്തിവരുന്നത്. ലഹരി മരുന്നുപയോഗം, വ്യാപനം എന്നിവ തടയുന്നതിനായി ഓപ്പറേഷൻ ഡി-ഹണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

ലഹരി മാഫിയക്കെതിരെയും ശക്തമായ നടപടികളാണ് സംസ്ഥാനത്ത് പോലീസ് സ്വീകരിച്ചുവരുന്നത്. ലഹരി കടത്ത്, വിപണനം തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ NDPS നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സ്ഥിരം മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെടുന്ന കുറ്റവാളികളെ PIT NDPS നിയമ പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് ലഹരി മാഫിയകളെ അമർച്ച ചെയ്യുന്നതിനുള്ള ശക്തമായ നടപടികൾ പോലീസ് സ്വീകരിച്ച് വരുന്നുണ്ട്.

സ്കൂൾ-കോളേജ് വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം ഒഴിവാക്കുന്നതിനും ലഹരിവിരുദ്ധ അവബോധം സംഘടിപ്പിക്കുന്നതിനുമായി യോദ്ധാവ് എന്നൊരു പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കിവരുന്നു. വിവിധ വകുപ്പുകളുമായി ചേർന്ന് സ്കൂളുകൾ മറ്റു ട്യൂഷൻ സെന്ററുകൾ കുട്ടികൾ ഒത്തുചേരുന്ന

പൊതുസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ സ്കൂളുകൾക്ക് സമീപത്തായി പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ കർശനമായി നിരീക്ഷിക്കുന്നതിന് ഷാഡോ പോലീസിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

പല കാരണങ്ങളാൽ വിദ്യാഭ്യാസം നിലച്ചുപോയ വിദ്യാർത്ഥികളെ ലഹരിമാഫിയയുടെ കൈകളിലകപ്പെടാതെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനായി ഹോപ് എന്ന പദ്ധതി പോലീസ് നടത്തിവരുന്നു.

വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും കുറ്റകൃത്യങ്ങളിലേർപ്പെടാനുള്ള അവരുടെ പ്രവണത നിയന്ത്രിക്കുന്നതിനും സൈബർ ആക്രമണങ്ങളുടെ ഇരകളായി മാറുന്നതിൽ നിന്നും സംരക്ഷിക്കുന്നതിനുമായി ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ എല്ലാ യു.പി സ്കൂളിലും പ്രത്യേക ക്ലബ്ബുകൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്

**പോലീസിന്റെ ഓൺലൈൻ സേവനങ്ങൾ**

പോലീസ് സ്റ്റേഷനുകളിലെത്താതെ പൊതുജനങ്ങൾക്ക് ഫലപ്രദമായ സേവനം നൽകുന്നതിനായി ആരംഭിച്ച THUNA, Pol-APP എന്നിവ മികച്ച നിലയിൽ മുന്നോട്ടുപോകുകയാണ്.

THUNA എന്ന വെബ്പോർട്ടൽ വഴി അപകടത്തിന്റെ GD കോപ്പിയും അപേക്ഷകളുടെ തൽസ്ഥിതിയും കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നില്ല എന്നുള്ള സർട്ടിഫിക്കറ്റുകളും രേഖകൾ നഷ്ടപ്പെട്ടതിനുള്ള പോലീസ് സർട്ടിഫിക്കറ്റുകളും പോലീസ് സ്റ്റേഷനുകളിലെത്താതെ ജനങ്ങൾക്ക് നേരിട്ട് ഡൗൺലോഡ് ചെയ്യാനാകും. സ്മാർട്ട്ഫോണിന്റെ വ്യാപനം കണക്കിലെ

ടുത്ത് ഇതേ സേവനങ്ങൾ Pol-APP എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴിയും ലഭ്യമാണ്.

ഉച്ചഭാഷിണിക്കുള്ള അനുമതി, അപകടത്തിന്റെ GD കോപ്പി, കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നില്ല എന്നുള്ള സർട്ടിഫിക്കറ്റുകൾക്കായി ലഭിച്ച അപേക്ഷകളിൽ 95 ശതമാനത്തിലേറെയും ഓൺലൈനായാണ് ലഭിച്ചത് എന്നത് എടുത്തുപറയേണ്ട കാര്യമാണ്.

**സ്മാർട്ട് പോലീസ് സ്റ്റേഷൻ**

പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഓരോ പോലീസ് ജില്ലയിലും ഒന്ന് എന്ന നിരക്കിൽ 20 പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് ആക്കുന്നതിനായി 1.98 കോടി രൂപ ചെലവിലുള്ള പ്രോജക്റ്റ് പുരോഗമിക്കുന്നു.

**ERSS (അടിയന്തര പ്രതികരണ സംവിധാനം)**

പൊതുജനങ്ങൾക്ക് അടിയന്തിരഘട്ടങ്ങളിൽ പോലീസിന്റെ പിന്തുണ തേടുന്നതിനായി ERSS (അടിയന്തര പ്രതികരണ സംവിധാനം) എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി കെ.എ.പി. 6-ാം ബറ്റാലിയൻ രൂപീകരിച്ചതും പുതിയ സബ് ഡിവിഷനുകൾ രൂപീകരിച്ചതും സാമ്പത്തിക കുറ്റകൃത്യങ്ങൾക്കായി എക്കണോമിക് ഒഫൻസ് വിംഗുകൾ ആരംഭിച്ചതും സൈബർ പട്രോളിംഗിനായി പ്രത്യേക അത്യാധുനിക പോലീസ് ഡിവിഷനുകൾ രൂപീകരിച്ചതും പ്രധാന പ്രവൃത്തികളാണ്.

പോലീസ് പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ വിധമുള്ള നിർമ്മിതബുദ്ധി സാങ്കേതികവിദ്യയിലധിഷ്ഠിതമായ പുതിയ സങ്കേതങ്ങൾ ആവിഷ്കരിച്ച് വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങൾ അതിവേഗം വിശകലനം ചെയ്യുുവാനും പഴുതടച്ചുള്ള അന്വേഷണം സാധ്യമാകുവാനും കുറ്റവാളികൾക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിനുള്ള വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ളത്.

* * *